# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/67/2017      <u>പത്രക്കുറിപ്പ്</u>      2017 മാർച്ച് 28

**സ്പെഷ്യൽ മേഴ്സിചാൻസ് അപേക്ഷാതീയതി**

ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം. ബി. എ അവസാന സ്പെഷ്യൽ മേഴ്സിചാൻസ് (2001 മുതൽ 2007 വരെ/ 2008 & 2009 അഡ്മിഷൻ)/ രണ്ടാമത്തെ മേഴ്സിചാൻസ് (2010 & 2011 അഡ്മിഷൻ) പരീക്ഷകൾക്ക് അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 18 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 21 വരെയും സ്വീകരിക്കും. രണ്ടാമത്തെ മേഴ്സിചാൻസിന് അപേകഷിക്കുന്നവർ 7000 രൂപയും അവസാന മേഴ്സിചാൻസിന് അപേകഷിക്കുന്നവർ 10000 രൂപയും സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

**പരീക്ഷാതീയതി**

മൂന്നാം സെമസ്റ്റർ എം.എച്ച്.എ (2015 അഡ്മിഷൻ റഗുലർ/2011-2014 അഡ്മിഷൻ സപ്ലിമെന്ററി)/ എം.പി.എച്ച് (2015 അഡ്മിഷൻ റഗുലർ/2015 നു മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 26 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 05 വരെയും 50 രൂപ പിഴയോടെ 06 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 10 വരെയും സ്വീകരിക്കും.

**പരീക്ഷാഫലം**

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എസ്‌സി. ബോട്ടണി (സി.എസ്.എസ്- റഗുലർ/ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 12 വരെ സ്വീകരിക്കും.

**എം. ജി : അക്കാദമിക് കണവൻഷൻ സെന്ററിന്റെ ശിലാസ്ഥാപനം ഇന്ന് (മാർച്ച് 29) ഗവർണർ നിർവഹിക്കും.**

ചാൻസ്‌ലേഴ്സ് അവർഡ് തുക വിനിയോഗിച്ച് എം.ജി സർവകലാശാലയിൽ ആരംഭിക്കുന്ന അന്താരാഷ്ട്ര അക്കാദമിക് കൺവെൻഷൻ സെന്ററിന്റെ ശിലാസ്ഥാപനം ഇന്ന് (മാർച്ച് 29) 12 മണിക്ക് സംസ്ഥാന ഗവർണ്ണറും സർവകലാശാല ചാൻസിലറുമായ ജസ്റ്റീസ് (റിട്ട) പി. സദാശിവം നിർവ്വഹിക്കും. അന്താരാഷ്ട്ര നിലവാരത്തോടെ നിർമ്മിക്കുന്ന കൺവൻഷൻ സെന്ററിൽ ഓഡിറ്റോറിയം, എക്സിബിഷൻ ഏരിയ, തീയേറ്റർ സ്പേസ്, കോൺഫറൻസ് റൂമുകൾ, കഫറ്റേറിയ, ടെക്നിക്കൽ റൂമുകൾ, ഗസ്റ്റ് റൂമുകൾ, എന്നിവ ഉണ്ടാകും. സർവകലാശാല അസംബ്ലി ഹാളിൽ നടക്കുന്ന ചടങ്ങിൽ വൈസ്ചാൻസിലർ ഡോ : ബാബുസെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കും. പ്രൊ വൈസ്ചാൻസിലർ ഡോ : ഷീന ഷുക്കൂർ സ്വാഗതവും സിൻഡിക്കേറ്റംഗങ്ങളായ കെ. ഷറുഫുദ്ദീൻ, ഡോ : കെ. കൃഷ്ണദാസ്, അഡ്വ : പി. കെ. ഹരികുമാർ എന്നിവർ ആശംസയും നിർവ്വഹിക്കും. രജിസ്ട്രാർ എം. ആർ ഉണ്ണി കൃതജ്ഞത രേഖപ്പെടുത്തും.

**അന്തർദേശീയ പോളിമർ സംഗമം**

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോമോളിക്യൂലാർ സയൻസ് ആന്റ് എഞ്ചിനിയറിംഗ് ഡിവിഷൻ ഏപ്രിൽ 7 മുതൽ മൂന്നു ദിവസത്തെ അന്തർദേശീയ പോളിമർ സംഗമം സംഘടിപ്പിക്കുന്നു. ലോകപ്രശസ്തരായ 200 ലധികം പോളിമർ ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന ശില്പശാല ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും വ്യവസായ സംരഭകർക്കും ആശയങ്ങൾ പങ്കുവെയ്ക്കാനുള്ള വേദിയാണ്. നവീന പോളിമർ ഉല്പന്നങ്ങൾ സുസ്ഥിരതയ്ക്കും വികസനവിപ്ലവത്തിനും എന്ന വിഷയത്തെ ആധാരമാക്കിയാണ് കോൺഫറൻസ് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ ഏപ്രിൽ 7 ന് നടക്കുന്ന സമ്മേളനം വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. പ്രൊഫ : സാബുതോമസ്, ഡോ : നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്യം നല്കും. വിവരങ്ങൾക്ക് ഫോൺ : 9747099541, ഇ. മെയിൽ : polymericmaterials@macromol.in.

**എം.ജി കൗൺസിലിങ്ങ് അലൂംമിനിസിസ്ധുതായ് സപ്കലിനെ ആദരിക്കും**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ലൈഫ് ലോങ്ങ് ലേണിംങ് പഠന വകുപ്പിന്റെ അലൂംമിനി അസോസി യേഷൻ ലോക പ്രശസ്ത സാമൂഹ്യ പ്രവർത്തകയായ സിന്ധുതായ് സപ്കലിനെ ആദരിക്കും. ഇന്നലെ സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസിൽ നടന്ന യോഗത്തിലാണ് തീരുമാനം. ലൈഫ്ലോങ്ങ് ലേണിംഗ് വിഭാഗത്തിന്റെ ചുമ തല വഹിക്കുന്ന പ്രൊഫ. കെ.എ. മഞ്ജുഷ അദ്ധ്യക്ഷത വഹിച്ച യോഗം കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജോസ് ജോസഫ് ഉദ്ഘാടനം ചെയ്തു. അലൂംമിനി അസോസിയേഷൻ പ്രസിഡന്റ് ജി.ശ്രീ

കുമാർ, കോഴ്സ് കോ-ഓർഡിനേറ്റർ പ്രൊഫ. മാത്യു കണമല, ഡോ.സി.ആർ ഹരിലക്ഷ്മീന്ദ്രകുമാർ, , ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പേഴ്സൺ സെന്റേർഡ് അപ്രോച്ചസ് ഇന്ത്യ യുടെ ദേശീയ സെക്രട്ടറി അനീഷ് മോഹൻ എന്നിവർ സംസാരിച്ചു. തുടർന്ന് കൗൺസിലിങ്ങിന്റെ അന്തർദേശീയ അംഗീകാരമുള്ള ഇ ലേണിംഗ് കോഴ്സിലെ പ്രധാന ഘടകങ്ങളെ അടിസ്ഥാനമാക്കി സെമിനാറും നടന്നു. ഡോ. സി.ആർ. ജയശങ്കർ, നിജോയി പി ജോസ്, സിന്ധു അശോക്, പ്രൊഫ. പ്രിൻസ് മാത്യു എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**ഭൗതിക ശസ്ത്ര വിഭാഗം : സെമിനാർ സമാപിച്ചു.**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഭൗതിക ശാസ്ത്ര പഠന വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്ന ഹൈലികോറിലേറ്റഡ് സിസ്റ്റം സെമിനാർ സമാപിച്ചു. സമാപന സമ്മേളനം ഐ. ഐ. യു. സി. എൻ. എൻ ഡയറക്ടർ ഡോ : സാബുതോമസ് ഉദ്ഘാടനം ചെയ്തു. സെമിനാറിനോട് അനുബന്ധിച്ചു നടന്ന ഗവേഷണ വിദ്യാർത്ഥികളുടെ പ്രബന്ധ അവതരണ മത്സരങ്ങളിൽ സമ്മാനാർഹരായവർക്ക് ഏർണസ്റ്റ് ബോർ സമ്മാനം വിതരണം ചെയ്തു.

**അടിക്കുറിപ്പ്**

ഇന്ന് ഗവർണർ ശിലാസ്ഥാപനം നിർവഹിക്കുന്ന എം. ജി സർവ്വകലാശാലയിലെ നിർദ്ദിഷ്ട ഇന്റർനാഷണൽ അക്കാദമിക് കൺവെൻഷൻ സെന്ററിന്റെ മാതൃക

എം.ജി സർവ്വകലാശാലയുടെ 17 കൗൺസിലിംഗ് ബാച്ചുകളുടെ അലുംമിനി അസോസിയേഷന്റെ യോഗവും ഏകദിസ സെമിനാറും മെഡിക്കൽകോളേജ് പ്രിൻസിപ്പൽ ഡോ.ജോസ് ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**